"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.ജയകുമാർ പി.ആർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III - നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2168/2024/LSGD തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം.318/2019/തസ്വഭവ തീയതി 14.02.2019
2. അക്കൗണ്ടന്റ് ജനറലിന്റെ 08.08.2024 ലെ GEO7/C/MCJ23/172 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.09.2024 തീയതിയിലെ LSGD/PD/6264/2024-DEH2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.ജയകുമാർ പി.ആർ-ന് പരാമർശം (1) ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്- III, തസ്തികയിൽ നിയമനം ലഭിക്കുകയും ടിയാൻ 01.03.2019 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാളുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III, തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനായി ടിയാന്റെ ജോലിയും സ്വഭാവവും സംബന്ധിച്ച സാക്ഷ്യപത്രം, സ്വയം വിലയിരുത്തൽ ഫോം, ടെസ്റ്റ് യോഗ്യത എന്നിവ സഹിതം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2) ശ്രീ.ജയകുമാർ പി.ആർ, 01.03.2019 മുതൽ 28.02.2021 വരെയുള്ള കാലയളവിൽ അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമെന്നും ടിയാനെതിരെ അച്ചടക്ക നടപടികളോ അന്വേഷണമോ കേസുകളോ നിലവിലില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിൽ രണ്ട് വർഷത്തെ ഡ്യൂട്ടിയാണ്. ശ്രീ.ജയകുമാർ പി.ആർ, 01.03.2019 ൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് 01.03.2019 മുതൽ 28.02.2021 വരെയാണ്. ശ്രീ.ജയകുമാർ പി.ആർ, പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20 (ബി) പ്രകാരം, ശ്രീ.ജയകുമാർ പി.ആർ - ന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ നിരീക്ഷണകാലം 01.03.2021 തീയതി പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ജയകുമാർ പി.ആർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III (സെക്രട്ടറി, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 13-11-2024 11:47:29
സെക്ഷൻ ഓഫീസർ